LIBRARY ARCHIVES Kerala Legislative Assembly

കോവളം ക്രാഫ്റ്റ് വില്ലേജ്

317 (1025) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ടൂറിസം വകുപ്പ് കോവളത്തിനടുത്ത് സ്ഥാപിച്ച ക്രാഫ്റ്റ് വില്ലേജിനുവേണ്ടി ആകെ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും ഏതെല്ലാം ഘട്ടങ്ങളിലായി എത്ര ഏക്കർ സ്ഥലത്താണെന്നും എന്തെല്ലാം സൗകര്യങ്ങളാണ് സജ്ജമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം ക്രാഫ്റ്റുകളാണ് വില്ലേജിൽ ഉൽപ്പാദിപ്പിച്ചു തുടങ്ങിയിരിക്കുന്നത് ; എത്ര പേർ ജോലി നോക്കിവരുന്നു; ക്രാഫ്റ്റ് വില്ലേജിന്റെ നടത്തിപ്പ് ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കേന്ദ്രത്തിൽ പ്രതിദിനം എത്ര ടൂറിസ്റ്റുകൾ സന്ദർശനം നടത്താറുണ്ടെന്നും, പ്രസ്തുത ടൂറിസം ഡസ്റ്റിനേഷനിൽ എന്തെല്ലാം സൗകര്യങ്ങൾ പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്നും, പൂർണ്ണതോതിലുള്ള പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത കേന്ദ്രത്തിന്റെ സ്ഥലവും കെട്ടിടവും ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോവളം ആർട്ട് & ക്രാഫ്റ്റ് വില്ലേജിന്റെ ഒന്നാം ഘട്ടത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തിയിരുന്നു. 6,20,00,000 രൂപ നിർമ്മാണ നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ടമായി കോവളത്ത് സ്ഥാപിച്ച ആർട്ട് & ക്രാഫ്റ്റ് വില്ലേജ്, Revitalization of Kovalam Craft Village (KERAL HAAT) എന്ന പേരിൽ സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയ പദ്ധതിയുടെ വിവരങ്ങൾ ചേർക്കുന്നു :

ക്രമ നമ്പർ	പദ്ധതി ഘടകങ്ങൾ	ഭരണാനുമതി നൽകിയ തുക	നിർവ്വഹണ ഏജൻസിക്ക് കൈമാറിയ തുക
1	Entertainment zone	4.5 കോടി	3.6 കോടി
2	Marketing zone	2.5 കോടി	2 കോടി

ഇതിന്റെ നിർമ്മാണത്തിനായി 9.10 ഏക്കർ (3.685 ഹെക്ടർ) സ്ഥലം എടുത്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സഹായത്തോടെ shops, stalls, rest room/toilets, restaurant, Rustic amphi theatre, food court, thattukada, traditional theatre, service block തുടങ്ങിയവയുടെയും സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ additional stall, modification of food court and thattukada, signages, security cabin, parking, landscaping, bio gas plant, performance area, pavilion/mandapam, amphi theatre, view points or children's play area, informal interaction space, Herbal garden, landscaping/seating, Exhibition boutlevards മുതലായവയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി&സി) പ്രസ്തുത ക്രാഫ്റ്റ് വില്ലേജിന്റെ 2-ാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുന്നതാണ്.

(ഡി) പ്രസ്തുത കേന്ദ്രത്തിന്റെ സ്ഥലവും കെട്ടിടവും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ടൂറിസം വകുപ്പിന്റെ കേന്ദ്ര പദ്ധതികൾ

318 (1026) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികളിൽ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടില്ലാത്തവ എത്രയെണ്ണമാണ് ; വിശദമാക്കാമോ ; ഏത് വർഷത്തിലാണ് കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതികൾ അനുവദിച്ചത് ;

(സി) കേന്ദ്ര ഗവൺമെന്റ് നാളിതുവരെ അനുവദിച്ചവയിൽ നിർമ്മാണം പൂർത്തിയാക്കി കമ്മിഷൻ ചെയ്തിട്ടില്ലാത്ത ടൂറിസം പദ്ധതികളുടെ മൊത്തം തുക എത്ര ;

(ഡി) കേന്ദ്ര ഗവൺമെന്റ് അനുവദിച്ചെങ്കിലും സംസ്ഥാന ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും എത്ര തുകയുടെതാണെന്നും വ്യക്തമാക്കുമോ ;

(ഇ) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച എത്ര പദ്ധതികൾ നിശ്ചിത കാലയളവിനുള്ളിൽ നടപ്പാക്കാൻ കഴിയാതെ റദ്ദാക്കേണ്ടി വന്നിട്ടുണ്ട് ; അവ ഏതൊക്കയാണ് ?

LIBRARY ARCHIVES Kerala Legislative Assembly